കെ.എസ്.എ കെടിഎം പി9/128/17/2016 തിയ്യതി:7.2.17

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.01.16 മുതൽ 26.1.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി പി എ റംലാബീവി | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 27/1/2017മുതൽ 3/2/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. എം.എൻ രാധാകൃഷ്ണൻ<br>ശ്രീമതി സ്മിത ജി നായർ | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ)<br>അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | | ശ്രീ.സുമേഷ് .പി.വി | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | | ശ്രീ ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ വി എം പോൾ<br>ശ്രീമതി ലൂസമ്മ ജയിംസ് | 01/04/15 മുതൽ 31/10/15 വരെ<br>1/11/15 മുതൽ 31/03/16 വരെ |
| സെക്രട്ടറി | ശ്രീ ഷിനോ പി എസ്<br>ശ്രീ എൻ പി ചന്ദ്രൻ | 01/04/15 മുതൽ 29/09/15വരെ<br>30/9/15 മുതൽ 31.3.16 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എസ് അപ്പൻ<br>സബിത എസ് വാല്യങ്കൽ | 01/04/15മുതൽ 10/12/15വരെ<br>11/12/15മുതൽ 31/03/16വരെ |
| കൃഷി വികസന ഓഫീസർ | മോളി റ്റി ഐസക്ക് | 01/04/15മുതൽ 31/03/16വരെ |
| പട്ടികജാതിവികസന ഓഫീസർ | ബിജി റ്റി | 01/04/15മുതൽ 31/03/16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയലക്ഷ്മി<br>ജോഷിജോസഫ് | 01/04/15മുതൽ12 /08/15വരെ<br>13/08/15മുതൽ31 /03/16വരെ |
| വ്യവസായ വികസന ഓഫീസർ | എൻ വി അജയകുമാർ | 01/04/15മുതൽ 31/03/16വരെ |
| സി ഡി പി ഒ | മീനാകുമാരി | 01/04/15മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. രേണു ആർ(തലയോലപ്പറമ്പ് സി.എച്ച്.സി)<br>ഡോ.ബിജു (അറുന്നൂറ്റിമംഗലം സി.എച്ച്.സി) | 01/04/15മുതൽ 31/03/16വരെ<br>01/04/15മുതൽ 31/03/16വരെ |
| സൂപ്രണ്ട് ഗവ.മഹിളാമന്ദിരം | ബിനു ജോൺ | 01/04/15മുതൽ 31/03/16വരെ |


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| ആഭ്യന്തരനിയന്ത്രണം | 1-7 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-8 |
| ഭാഗം 2-വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |

| | |
|---|---|
| സാംഖ്യ രസീതുകൾ- പുതിയ സ്റ്റോക്ക് എടുക്കേണ്ടതാണ്. | 2-2 |
| ഇ-ടെൻഡർ- ടെൻഡർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല | 2-3 |
| ലേലം സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. | 2-4 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-1 |
| തലയോലപ്പറമ്പ് പി.എച്ച്.സി. അറ്റകുറ്റപ്പണി- സീലിങ് പൊളിഞ്ഞ അവസ്ഥയിൽ- ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 3-2 |
| പ്രോജക്ട് നമ്പർ എസ് 018/16- വനിത ഡയറി ഗ്രൂപ്പുകൾക്ക് തൊഴിൽസംരംഭം- പശു വളർത്തൽ (ജനറൽ) പദ്ധതി- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 3-3 |
| ഐ.എ.വൈ- ഭവനനിർമാണം പൂർത്തിയാക്കിയവർ | 3-4 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ | അനുബന്ധം-3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് | അനുബന്ധം-4 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26/03/2015 തിയതിയിലെ 1-ാം നംപർ. തീരുമാനപ്രകാരം അംഗീകരിച്ച.ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 361647 | 27775515 | 27413868 | - |
| വരവ് | 244097800 | 106089538 | | 138008262 |
| ആകെ | 244459447 | 133865053 | | 110594397 |
| ചെലവ് | 243989500 | 91649232 | | 152340268 |
| നീക്കിയിരിപ്പ് | 469947 | 42215821 | 41745874 | |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2016 | 31.07.16 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -27775515

വരവ് -106089538

ആകെ -133865053

ചെലവ് -91649232

നീക്കിയിരിപ്പ്-42215821

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 889082 | 20167282* | 21056364 | 21056364 | 0 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 609994 | 8905568 | 9515562 | 9515562 | 0 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 177000 | 177000 | 177000 | 0 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 63618 | 2757932 | 2821550 | 2821550 | 0 | 0 | |

*വാർഷിക കണക്കുകൾ പ്രകാരം വരവ് 21447282 രൂപയാണ്. 1280000 രൂപ അക്കൗണ്ട്സിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നാണ് മറുപടി ലഭ്യമായത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 74 | 59155768 | 68 | 33633736 | 6 | 56.85 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2015/DPC/DPO/KTM തീയതി 22.05.2015 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 16.12.14 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭ 15.1.15 തീയതിയിലും വികസനസെമിനാർ 12.2.15 തീയതിയിലും കൂടിയിട്ടുണ്ട്.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1) ഉല്പാദനമേഖലയുടെ വളർച്ചയെ സഹായിക്കുന്ന ഡയറിഗ്രൂപ്പുകൾക്ക് പശു വളർത്തൽ, പാടശേഖരങ്ങൾക്ക് മോട്ടോർ, മോട്ടോർ ഷെഡ് മുതലായ പ്രോജക്ടുകൾ നടപ്പാക്കി.

2)സേവനമേഖലയിൽ ഐ.എ.വൈ ഭവനനിർമ്മാണം,പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ധനസഹായം,കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം,സി എച്ച് സി അറ്റകുറ്റപ്പണി,മരുന്ന് വാങ്ങൽ തുടങ്ങിയ പ്രധാന പ്രോജക്ടുകൾ നടപ്പാക്കി.

3)പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ ടാറിംഗ്,റീ ടാറിംഗ്,കോൺക്രീറ്റിംഗ്, ഓട നിർമ്മാണം, കടവ് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

4) പട്ടികജാതി വിഭാഗക്കാർക്കായി വനിതാഗ്രൂപ്പിന് പശു വളർത്തൽ, കോളനികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ഐ.എ.വൈ ഭവനനിർമ്മാണം,പൂഴിക്കോൽ കുടിവെള്ളപദ്ധതി തുടങ്ങിയ പ്രോജക്ടുകളും നടപ്പാക്കി

കോട്ടങ്ങൾ

1)ആകെ പദ്ധതി അടങ്കലിന്റെ 56.85% മാത്രം ചെലവഴിച്ചു

2)പട്ടികവർഗ്ഗ വിഭാഗത്തിനുള്ള സേവനം രണ്ട് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയതിൽ ഒതുങ്ങി.

3)എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയില്ല.

4) തെരുവുനായ വന്ധ്യംകരണം,പാലിയേറ്റീവ് കെയർ എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമായില്ല.

5)വിവിധ പഞ്ചായത്തുകളുടെ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ആനുകൂല്യം നൽകി (ക്ഷീരവികസന ഓഫീസറുടെ പ്രോജക്ട്)

6)പ്രധാന പ്രോജക്ടായ കല്ലറ മഹിളാമന്ദിരം കെട്ടിടനിർമ്മാണം നടപ്പാക്കിയില്ല.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ളോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.14 | 2015-16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.1.14- | 2008-09മുതൽ2012-13വരെ | LBA(HQ/I1/8A-2053/48 Dt.19/02/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 ലെ വാർഷിക കണക്കുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11)പാലിച്ചിട്ടില്ല.

2)ബി.പി.എഫ്.എ 2(എ) യുടെ വരവിൽ വാർഷികകണക്കുകളിൽ 1280000 രൂപയുടെ ഡ്യൂപ്ലിക്കേഷൻ വന്നിട്ടുണ്ട്.

3) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി 5132967 രൂപ കാണിച്ചിട്ടുണ്ട്.എന്നാൽ ആയതിന്റെ കൃത്യത പരിശോധനയ്ക്ക് ലഭ്യമായില്ല.

4)B-4 ഷെഡ്യൂളിൽ ബുക്ക് ചെയ്തിരിക്കുന്ന ഐ.എ.വൈ തുകകളുടെ കൃത്യത കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

5) RP-7 ൽ കേരളോൽസവത്തിന്റെ വരവ് നെഗറ്റീവായി കാണിച്ചിരിക്കുന്നു.

6)IAY വെള്ളൂർ എസ്.സി.ബി അക്കൗണ്ടിൽ (ലോൺ അക്കൗണ്ട്)2646 രൂപ ബാലൻസുണ്ട് . പാസ്സ് ബുക്ക് ലഭ്യമായില്ല.

7)IAY തലയോലപ്പറമ്പ് എസ്.സി.ബി അക്കൗണ്ടിൽ (ലോൺ അക്കൗണ്ട് ) പാസ്സ് ബുക്ക് പ്രകാരം ബാലൻസ് 544 രൂപയാണ്.എന്നാൽ എ.എഫ്.എസിൽ ബാലൻസ് 513 രൂപയാണ്.

8)B-7 ഷെഡ്യൂൾ പ്രകാരം contractor's retention നീക്കിയിരിപ്പ് 248840 രൂപയാണ്.എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 85280 രൂപയാണ്.

## 2-2 സാംഖ്യാ രസീതുകൾ - പുതിയ സ്റ്റോക്ക് എടുക്കേണ്ടതാണ്

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ 2015-16 കാലയളവിലെ രസീതുകൾ പരിശോധിച്ചതിൽ 01.10.12 ന് സ്റ്റോക്കിലെടുത്ത 500 സാംഖ്യാ രസീതുകൾ 31.03.2016 ൽ തീർന്നിരുന്നുവെങ്കിലും പുതിയ സാഖ്യാ രസീതുകൾ വാങ്ങി ഉപയോഗിക്കുന്നതായി കാണുന്നില്ല പകരം മാനുവൽ രസീതുകളാണ് ഉപയോഗിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 1) -ന് കോട്ടയം എ.ഡി.സി - ക്ക് അപേക്ഷ നൽകിയതായും എന്നാൽ ഇതുവരെ ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വിശദമായി കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) -നെ അറിയിച്ച് സാഖ്യാ രസീതുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ-ടെൻഡർ -ടെൻഡർഫോറവില ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല.

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ ടെന്റർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെന്റർ ഫോം വിലയായ് കരാറുകാർ ഒടുക്കിയ ടെന്റർ ഫോം വില എൽ എസ് ജി ഡി ജില്ലാ എക്സിക്കുട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിനൽകിയിട്ടില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ടെൻഡർ വാങ്ങിയവരുടെ എണ്ണം | ടെൻഡർഫോറവില (വാറ്റുൾപ്പെടെ) |
|---|---|---|---|
| കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കുറ്റിക്കാല കോളനി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 500000 | 1 | 1050 |
| മുളക്കുളം ഗ്രാമപഞ്ചായത്ത് വടകന്നപ്പുഴ SC കോളനി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 600000 | 1 | 1260 |
| ഞീഴൂർ ഗ്രാമപഞ്ചായത്ത് ഞീഴൂർ -ചാണാക്കുഴി തുരുത്തിപ്പള്ളി റോഡ് റീ ടാറിംഗ് | 606818 | 2 | 2730 |
| വെള്ളൂർ ഗ്രാമപഞ്ചായത്ത് വാർഡ് 10 ആറാട്ട് മണൽപ്പുറം കടവ് നിർമ്മാണം | 600000 | 1 | 1260 |
| അറുനൂറ്റിമംഗലം CHC ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | 1052714 | 3 | 6930 |
| കല്ലറ ഗ്രാമപഞ്ചായത്ത് കൊല്ലംപറമ്പ് മണിയൻതുരുത്ത് റോഡ് റീ ടാറിംഗ് | 672405 | 2 | 2940 |
| തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് കുമ്പളത്ത്പുഴ ഭാഗത്ത് കടവ് നിർമ്മാണം | 500000 | 1 | 1050 |
| തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് കടശ്ശേരി SC കോളനി അടിസ്ഥാന സൗകര്യം വികസനം | 50000 | 1 | 1050 |

മേൽതുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ 2015-16 ലെ ലേലം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് മുൻവശം അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന മഴ മരം മുറിച്ച് മാറ്റുന്നതിനായുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൻമേൽ കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷൻ (38900/-രൂപ) റിപ്പോർട്ടിന്റെയും 30.01.2015 ലെ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമത്തിന്റെയും അടിസ്ഥാനത്തിൽ 12.02.2015 ൽ ലേലം നടത്താൻ പരസ്യം നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. ആയതിനാൽ 20.02.15, 28.02.15 എന്നീ തിയതികളിൽ പുനർലേലം നടത്തിയെങ്കിലും വാല്യുവേഷൻ തുകയ്ക്ക് ആരും ലേലം കൊള്ളാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 28.02.15 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം മാർക്കറ്റ് വിലയിൽ ലേലം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തതായി ഫയലിൽ കാണുന്നു. എന്നാൽ അക്കൗണ്ട്സ് പ്രകാരം ലേലം വഴി 7400/- രൂപ വരവുണ്ടെങ്കിലും പ്രസ്തുത ലേലം നടത്തിയതുമായി ബന്ധപ്പെട്ട തുടർരേഖകൾ ഫയലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 2)- ന് 28.04.2015- ന് വീണ്ടും ലേലം നടത്തുകയും, നാലുപേർ പങ്കെടുത്ത ലേലത്തിൽ ഏറ്റവും ഉയർന്ന തുക (7400/-രൂപ) വിളിച്ച ശ്രീ. ബേബി കുഴിവേലിൽ എന്നയാൾക്ക് ലേലം ഉറപ്പിക്കുകയും ചെയ്തതായും പ്രസ്തുത നടപടിക്ക് പഞ്ചായത്ത് സമിതി 6.5..15- ൽ ചേർന്ന യോഗത്തിൽ അംഗീകാരം നൽകിയതായും അറിയിച്ചു. എന്നാൽ ലേലം നടത്തിയതുമായി ബന്ധപ്പെട്ട ലേല ഡയറി ഉൾപ്പെടെയുള്ള രേഖകൾ

ഓഡിറ്റിന്ഹാജരാക്കിയിട്ടില്ല. ആയതിനാൽ ലേലം നടത്തിയതുമായി ബന്ധപ്പെട്ട എല്ലാരേഖകളും ഓഡറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ഡി.ഡി നമ്പർ |
|---|---|---|---|---|
| 1 | 88/16,തെരുവു നായ വന്ധ്യംകരണം | സെക്രട്ടറി | 499999 വികസനഫണ്ട് | 703870/30.1.16 സെക്രട്ടറി,ജില്ലാപഞ്ചായത്ത് |
| 2 | 6/16 പാലിയേറ്റീവ് കെയർ അസിസ്റ്റൻസ് | സെക്രട്ടറി | 150000 | ബിൽ നമ്പർ 15/30.10.15 സെക്രട്ടറി,കല്ലറ ഗ്രാമപഞ്ചായത്ത് |
| | | | 100000 | ബിൽ നമ്പർ 31/16.2.16 സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് |
| | | | 150000 | ബിൽ നമ്പർ 42/14.3.16 സെക്രട്ടറി, മുളക്കുളം ഗ്രാമപഞ്ചായത്ത് |
| | | ആകെ | 899999 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 899999രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തലയോലപ്പറമ്പ് PHC അറ്റകുറ്റപ്പണി-സീലിങ്ങ് പൊളിഞ്ഞ അവസ്ഥയിൽ-ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2013-14,2014-15 വർഷങ്ങളിലെ പദ്ധതിയിൽ 1741000 രൂപ അടങ്കലായി ഉൾപ്പെടുത്തി നടപ്പാക്കിയ പ്രോജക്ടാണ് തലയോലപ്പറമ്പ് PHC അറ്റകുറ്റപ്പണി .ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ 40-ാം ഇനമായി 365 m2 സീലിങ്ങ് ചെയ്യുന്നതിന് 629/m2 നിരക്കിൽ 229585 രൂപ വകയിരുത്തി 266.7m2 സീലിങ്ങ് ചെയ്തതിന് 167760 രൂപ ശ്രീ. സി.യു. മത്തായി, ക്രൈസ്റ്റ് വിഹാർ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. നിർവഹണത്തിൽ അപാകം ഉണ്ടെന്നും സീലിങ്ങ് പൊളിഞ്ഞ് ഭീഷണിയിലാണെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകാനും അസിസ്റ്റന്റ് എക്സി.എൻജിനിയറോട് 22.4.15 ൽ കൂടിയ കമ്മിറ്റി തീരുമാനിച്ചിരുന്നു.(തീരുമാനം 3) ടി കമ്മറ്റി തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. 1/2/17 ന് നടത്തിയ ഭൗതികപരിശോധനയിലും സീലിങ്ങ് പൊളിഞ്ഞ് കിടക്കുന്നതായി കാണാൻ സാധിച്ചു. പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ കരാറുകാരന്റെ കരുതൽനിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതായി കാണുന്നില്ല. ബ്ലോക്ക്പഞ്ചായത്തിന് ഉണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ പ്രസ്തുത കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-3 പ്രോജക്ട് നം: S0018/16-വനിത ഡയറിഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം-പശുവളർത്തൽ (ജനറൽ) പദ്ധതി- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നം: S0018/16

പ്രോജക്ട് വിഭാഗം- ജനറൽ

വനിത ഡയറിഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം- പശുവളർത്തൽ

വികസന ഫണ്ട്- 21,75,000/-

ഗുണഭോക്തൃ വിഹിതം - 21,75,000/-

16.11.2013 തിയതിയിലെ ജി.ഒ (എം. സ്.) 362/2013 ത.സ്വ.ഭ.വ – സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പ് സംരഭങ്ങൾ നിർബന്ധമായും വായ്പാബന്ധിതമായി നടപ്പാക്കണമെന്നും, സബ്സിഡി തുക ബാങ്കിൽ അടയ്ക്കണമെന്നുമിരിക്കെ ഒരു ഗുണഭോക്താവിന് 15000/- രൂപ നിരക്കിൽ ഓരോ വനിത ഡയറി ഗ്രൂപ്പുകൾക്കുമുള്ള 75000/- രൂപ സബ്സിഡി തുക ഡി.ഡി. ആയി ഗ്രൂപ്പ് കൺവീനർക്ക് നൽകിയതായികാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 4)- ന് ഗ്രൂപ്പ് കൺവീനർമാർ അവർക്ക് ലഭ്യമായ ഡി.ഡി. കൾ ബാങ്കിൽ കൊടുത്ത് രസീതുകൾ ഓഫീസിൽ ഏൽപിച്ചതായി അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ സബ്സിഡി തുക മാർഗ്ഗരേഖ പ്രകാരം നേരിട്ട് ബാങ്കിലേക്ക് അടവാക്കേണ്ടതാണ്.

ഗുണഭോക്താക്കളായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 37 വനിത ഡയറി ഗ്രൂപ്പുകളെ തെരഞ്ഞെടുത്തത് മാനദണ്ഡങ്ങൾ പാലിക്കാതെയാണ്. ഗ്രാമസഭകളിൽനിന്നും ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കേണ്ടതെന്നിരിക്കേ ക്ഷീരസംഘങ്ങൾ തയ്യാറാക്കി നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയാണുണ്ടായത്. വരും കാലങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കേണ്ടതിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-4 ഐ.എ.വൈ -ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

2015-16 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 173 ഉം എസ്.സി വിഭാഗത്തിൽ 107 ഗുണഭോക്താക്കളുമുൾപ്പെടെ ആകെ 280 പേർ ബ്ളോക്ക് പഞ്ചായത്തുമായ് കരാറിലേർപ്പെട്ടു.ആയതിൽ ജനറൽ വിഭാഗത്തിൽ 166 പേരും എസ്.സി വിഭാഗത്തിൽ 99 പേരും ഭവനനിർമ്മാണം പൂർത്തിയാക്കി.അവശേഷിക്കുന്ന 15 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | വിഭാഗം |
|---|---|---|---|
| 1 | അജിതാ സുരേന്ദ്രൻ | 17500 | എസ്.സി |
| 2 | സുമതി നാണപ്പൻ | 59500 | എസ്.സി |
| 3 | രാജൻ | 109500 | ജനറൽ |
| 4 | അമ്മിണി മോഹനൻ | 229500 | എസ്.സി |
| 5 | രമണി ,കിഴക്കേകാലായിൽ | 59500 | ജനറൽ |
| 6 | ജോൻസി ജോസഫ് | 17500 | ജനറൽ |
| 7 | ഷൈല രാജപ്പൻ | 17500 | ജനറൽ |
| 8 | ജഗദമ്മ കുട്ടൻ | 139500 | എസ്.സി |
| 9 | പ്രിയ വി.പി | 219500 | എസ്.സി |
| 10 | ശ്യാമള ശശിധരൻ | 17500 | എസ്.സി |
| 11 | മേരി പൈലി | 119500 | ജനറൽ |
| 12 | ഷിനി രാജു | 139500 | ജനറൽ |
| 13 | അംബികാ രാജൻ | 17500 | എസ്.സി |
| 14 | ഷിനി തമ്പി | 119500 | ജനറൽ |

| | | | |
|---|---|---|---|
| 15 | റ്റിനു രതീഷ് | 79500 | എസ്.സി |

മേൽ ഗുണഭോക്താക്കളിൽ 5 പേർ ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനനിർമ്മാണം നടത്താത്തവരാണ്.ടി ഗുണഭോക്താക്കളിൽ നിന്ന് നൽകിയ തുക പലിശ സഹിതം ഈടാക്കാവുന്നതാണ്.മറ്റ് ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | ജി.ഒ(എം.എസ്)90/13 /ത.സ്വ.ഭ.വ 13.3.13 | 2534500 | 2534500 | 0 | 0 | 2534500 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-3(5-1) | റീ ഇമ്പേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |

| | | | | | |
|---|---|---|---|---|---|
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |
| 2003-04 | 3-2 | 2006-07 | 3-3(1-1) | മരാമത്ത് പ്രവർത്തികൾക്ക് മുൻകൂർ കൈപ്പറ്റി,പദ്ധതി ഉപേക്ഷിച്ചു. | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106089538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91649232 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 899999 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1)(എ) | 899999 | ശ്രീ. എൻ. പി. ചന്ദ്രൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയ്യതി 23.10.14 |
| 1998-99 | എൽ.എഫ്.കെ.പി1/955/02തീയ്യതി 26.5.03 |

| | |
|---|---|
| 1999-00 | എൽ.എഫ്.കെ.പി1/380/01തീയ്യതി 25.10.12 |
| 2000-01,01-02 പ്ളാൻ | എൽ.എഫ്.കെ.പി1/705/03തീയ്യതി 12.4.04 |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയ്യതി 2.7.05 |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയ്യതി 13.9.06/11.10.06 |
| 2004-05 | എൽ.എഫ്.കെ.പി1/323/07തീയ്യതി 25.10.12 |
| 2005-06 | എൽ.എഫ്.കെ.പി1/324/07തീയ്യതി 25.10.12 |
| 2006-07 | എൽ.എഫ്.കെ.പി9/845/08തീയ്യതി 25.6.09 |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയ്യതി 11.6.13 |
| 2008-09 | എൽ.എഫ്.കെ.പി9/209/11 തീയ്യതി 17.6.13 |
| 2009-10 | എൽ.എഫ്.കെ.പി9/210/11തീയ്യതി 25.10.12 |
| 2010-11 | എൽ.എഫ്.കെ.പി9/1460/11തീയ്യതി 25.10.12 |
| 2011-12 | എൽ.എഫ്.കെ.പി9/919/13തീയ്യതി 8.4.14 |
| 2012-13 | കെ.എസ്.എ കെ.ടി.എം പി 9 -1195/15,8.10.15 |
| 2013-14 | കെ.എസ്.എ കെ.ടി.എം പി 9 -1196/15,8.10.15 |
| 2014-15 | കെ.എസ്.എ കെ.ടി.എം പി 9 -149/16,27.2.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എകെ.ടി.എം.പി9/128/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 7.2.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടുത്തുരുത്തി ബ്ളോക്ക്പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം